# ഭയം

കുറ്റിപ്പുഴ കൃഷ്ണപിള്ള



ഭയം

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Man Made Mad with Fear, a painting by Gustave Courbet (1819–1877). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഭയം

മനുഷ്യന്റെ കൂടപ്പിറപ്പാണ് ഭയം. അത് ഒരു കടുത്ത മനോരോഗമായിരുന്നു. മനസ്സിനേല്ക്കുന്ന വൈകാരികാഭിഘാതമെന്നും അതിനെ വ്യാഖ്യാനിക്കാം. പ്രപഞ്ചപരിണാമഗതിയിൽ, ലക്ഷം ലക്ഷം കൊല്ലങ്ങൾക്ക് മുമ്പ് മർത്ത്യവർഗം ഉരുത്തിരിഞ്ഞകാലംമുതൽ ഈ രോഗം മാനവമനസ്സിൽ കുടികൊണ്ടിരുന്നു. അജ്ഞതയാണ് ഭയത്തിന്റെ മൂലകാരണം. പ്രകൃതിരഹസ്യങ്ങളെപ്പറ്റി യാതൊരു ബോധവുമില്ലാതെ കേവലം വികാരജീവിയായി വെറും കാടത്തത്തിൽ ജീവിച്ചിരുന്ന കാലത്ത് മനുഷ്യൻ ഇടിമിന്നൽ, കൊടുങ്കാറ്റ്, കാട്ടുതീ, പേമാരി തുടങ്ങിയ പ്രകൃതിവിക്ഷോഭങ്ങൾ കണ്ട് അവയുടെ കാരണം അറിയാതെ പേടിച്ചുവിറച്ചിരുന്നു. വെയിലത്ത് സ്വന്തം നിഴൽ കണ്ട് കാട്ടാറുകളിൽ സ്വശരീരത്തിന്റെ പ്രതിച്ഛായ കണ്ടും അവൻ ഭയപ്പെട്ടു. ആകാശം മുട്ടിനിൽക്കുന്ന വമ്പിച്ച വൃക്ഷങ്ങളും കൂറ്റൻ പാറക്കൂട്ടങ്ങളും അവനെ ഭയപ്പെടുത്തി.

ഇത്തരം ഭയത്തിൽനിന്നാണ് പ്രാകൃതദേവതാസങ്കല്പങ്ങളും അന്ധാചാരവിശ്വാസങ്ങളും മറ്റും രൂപംകൊണ്ടത്. കാട്ടുമൃഗങ്ങളെ വേട്ടയാടിയും പച്ചമാംസം ഭക്ഷിച്ചും ജീവിച്ചിരുന്നപ്പോൾ ഹിംസ്രജന്തുക്കളും ഇന്നത്തേക്കാൾ കൂടുതൽ മനുഷ്യർക്ക് ഭീകരങ്ങളായിരുന്നു. ഒറ്റതിരിഞ്ഞുള്ള ഈ കിരാതജിവിതം കാലാന്തരത്തിൽ സമൂഹജീവിതമായിപ്പരിണമിച്ചു. അങ്ങനെ ഭിന്നവർഗ്ഗങ്ങളും ഗോത്രങ്ങളും നിലവിൽവന്നു. ഇവയെല്ലാം പരസ്പരം കലഹിക്കാനും പടവെട്ടാനും തുടങ്ങി. തൽഫലമായി ശത്രുഭയം പൂർവാധികം വർദ്ധിച്ചു. ഇക്കാലമത്രയും ഇരുട്ടടഞ്ഞു കിടന്നിരുന്ന മനുഷ്യന്റെ ബോധതലത്തിൽ ക്രമേണ അല്പാല്പം വെളിച്ചം വീണതോടെ ഈവക ഭീതികളുടെ ഉൽക്കടതയ്ക്ക് കുറേ കുറവുണ്ടായി. എങ്കിലും ഈ ശാസ്ത്രയുഗത്തിൽപ്പോലും ഭയത്തിൽനിന്ന് തീരെ മുക്തനാകാൻ മനുഷ്യന് കഴിവുണ്ടായിട്ടില്ല. കഴിവുണ്ടാകുമോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രവിജ്ഞാനം ഏറിവരുംതോറും ഭയത്തിന്റെ ചില മുഖങ്ങൾ മാഞ്ഞുപോകുന്നുണ്ടെങ്കിലും തൽസ്ഥാനത്ത് മറ്റ് ചിലത് തലപൊക്കിയിട്ടുണ്ട്.

എന്നും വിട്ടുമാറാതെ മനുഷ്യനെ പിടികൂടിയിരിക്കുന്നത് മരണഭീതിയാണല്ലോ. സർവജീവികളിലും കാണുന്ന ആത്മസംരക്ഷണവ്യഗ്രത മനുഷ്യരിലും ഉണ്ട്. നിസർഗസിദ്ധമായ ഈ ശീലത്തിൽനിന്നാണ് മരണഭീതിയുണ്ടാകുന്നത്. ജീവിക്കാനാഗ്രഹിക്കാത്തവൻ മരണത്തെ ഭയപ്പെടുകയില്ലല്ലോ. മരണഭയത്തിൽനിന്ന് താൽക്കാലികമായിട്ടെങ്കിലും ഒരാശ്വാസം നേടാൻവേണ്ടിയാണ് മനുഷ്യൻ പുനർജന്മം, ഈശ്വരൻ, ആത്മാവ് മുതലായ അന്ധസങ്കല്പങ്ങളിൽച്ചെന്ന് ചാടിയത്. മതവും തത്ത്വചിന്തയും നിലവിൽവന്നതും ഈ വഴിക്കത്രെ. പക്ഷേ, ഇതുകൊണ്ടൊന്നും ഫലമുണ്ടായില്ല. മനുഷ്യന്റെ കർമശക്തിയും ജീവിതവും പാഴാക്കാനേ ഇപ്പോൾ ഇവ ഉപകരിക്കുന്നുള്ളു.



അപ്ടൺ സിങ്ക്ളിയർ

ഈ പരിഷ്കൃതയുഗത്തിലും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന വേറെ രണ്ടുതരം ഭീതികളെപ്പറ്റി പറയേണ്ടതുണ്ട്. ഒന്ന്. സാമ്പത്തികഭീതി; മറ്റേത്. യുദ്ധഭീതി. മുതലാളിത്തവ്യവസ്ഥിതിയുടേയും സാമ്രാജ്യദുർമോഹത്തിന്റേയും ദുഷ്ഫലങ്ങളാണ് ഈ രണ്ടും. മുതലാളിത്തരാജ്യങ്ങളിൽ കുബേരനും കുചേലനും ഒന്നുപോലെ സാമ്പത്തികഭീതിക്ക് ഇരയായിത്തീരുന്നു. അവിടെ ഇന്നത്തെ കോടീശ്വരൻ നാളെ പാപ്പരായിപ്പോകുമോ എന്ന് ഭയപ്പെടുന്നു. സാമ്പത്തികശക്തികൾ അവിടെ അനിയന്ത്രിതമായി വ്യാപരിക്കുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഭരണകേന്ദ്രത്തിനുപോലും ഈ അദൃശ്യശക്തികളെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. നേരേമറിച്ച് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ സമ്പദ്ഘടന ഭരണാധികാരികളുടെ പരിപൂർണനിയന്ത്രണത്തിലായിരുന്നതുകൊണ്ടും എല്ലാവർക്കും തുല്യമായി ജീവിതസൗകര്യം ലഭിക്കുന്നതുകൊണ്ടും ഈ ഭയം മന്ദീഭവിക്കുക മാത്രമല്ല മിക്കവാറും ഇല്ലാതാകുകതന്നെ ചെയ്യും. മനുഷ്യവർഗത്തിന് നാനാപ്രകാരേണ വിനാശകാരിയായിത്തീരുന്ന ഒന്നാണ് സാമ്പത്തികഭീതി. എത്ര നല്ല മനുഷ്യന്റെയും സ്വഭാവത്തെ അത് അധഃപതിപ്പിക്കുന്നു. കരിഞ്ചന്തയും മായം ചേർക്കലും മറ്റ് ചൂഷണതന്ത്രങ്ങളുമെല്ലാം അതുകൊണ്ടുണ്ടാകുന്നവയാണ്. 'സ്വന്തം ജാതിയെ ചൂഷണം ചെയ്യുക എന്നത് ഒരു പതിവാക്കിത്തീർക്കുന്ന ഏക ജന്തു മനുഷ്യനാണ്' (The only beast that makes a regular practice of exploiting his own kind is man) എന്ന് അപ്ടൺ സിങ്ക്ളിയർ പറഞ്ഞിട്ടുള്ളത് വെറുതെയല്ല.

യുദ്ധഭീതിയെപ്പറ്റി ഇവിടെ വിസ്തരിക്കേണ്ടതില്ല. ഇന്ന് എല്ലാ രാഷ്ട്രങ്ങളേയും ബാധിച്ചിരിക്കുന്ന ഒന്നാണ് അത്. വിശേഷിച്ച് വമ്പിച്ച രാഷ്ട്രങ്ങൾ പരസ്പരം ശങ്കിക്കുകയും ഭയപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിന്റെ ഉന്മൂലനാശത്തിനുപോലും ഉതകുന്ന ഭീകരായുധങ്ങളുടെ സംഭരണത്തിൽ ഇന്ന് നടക്കുന്ന ബീഭത്സമത്സരങ്ങളുടെ പിന്നിൽ കാണുന്നത് ഈ ഭയാശങ്കകളല്ലേ? ചുരുക്കത്തിൽ ഭയം ഏത് രൂപത്തിലും മനുഷ്യനെ കെടുത്തിക്കളയുന്നു. അതിന്റെ മൂർച്ഛയിൽ മനുഷ്യൻ പിശാചായി മാറുന്നു. അവന്റെ വിചാരശക്തിയും വിവേകവും നശിക്കുന്നു. അന്ധത നിറഞ്ഞ കാട്ടാളയുഗത്തിലേക്ക് അത് നമ്മെ തിരിച്ചുകൊണ്ടുപോകുന്നു. 'ഭയത്തെപ്പോലെ മനസ്സിന്റെ സകല പ്രവർത്തനശക്തിയേയും യുക്തിവിചാരക്ഷമതയേയും ഇത്ര സമർത്ഥമായി മറ്റൊരു വികാരവും അപഹരിക്കുന്നില്ല.' (No passion so effectively robs the mind of all its powers of acting and resoning as fear) എന്ന ബർക്കിന്റെ അഭിപ്രായത്തിന് ഇതുവരെയുള്ള മനുഷ്യചരിത്രം സാക്ഷിയായി നിൽക്കുന്നില്ലേ?

ഉപനിഷത്തുകളിൽ മോക്ഷത്തിന് തുല്യമായോ അതിൽ കൂടുതലായോ പ്രാധാന്യം കല്പിച്ചിട്ടുള്ളത് അഭയത്തിനാണ്. വാസ്തവത്തിൽ സാക്ഷാൽ മോക്ഷം പരിപൂർണ്ണമായ ഭയവിമുക്തിതന്നെയാകുന്നു. ജീവിതസിദ്ധികളിൽ ഏറ്റവും മുഖ്യവും എന്നാൽ ദുസ്സാധ്യവുമായിട്ടുള്ളതും ഇതുതന്നെയത്രെ. വ്യക്തിയിലും സമൂഹത്തിലും അഭയം രൂഢമൂലമായെങ്കിൽ മാത്രമേ ഇന്നത്തെ ലോകത്തിന് സ്ഥിരമായ ശാന്തിയും സമാധാനവും കൈവരികയുള്ളു.

(യുക്തിവിഹാരം 1970)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014